# O.S.S.A.E.
## വാർഷിക പരീക്ഷ 2017

Class IX　　03-12-2017, Sunday 11 AM to 1 PM　　Marks 50

**പേരെഴുതുക (1–5)** 5

1. നിനവെ നശിക്കുമെന്ന് സന്ദേശം നൽകിയ പ്രവാചകൻ.
2. യരുശലേം സുന്നഹദോസിന്റെ അദ്ധ്യക്ഷൻ.
3. പുരാതന സഭയുടെ പ്രസിദ്ധ വേദശാസ്ത്രകേന്ദ്രമായിരുന്ന പട്ടണം.
4. യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള വേദവിപരീതങ്ങൾക്ക് മറുപടിയായി വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത് എത്രാമത്തെ ഖണ്ഡികയിൽ ആണ്.
5. 'യഹോവയിലുള്ള രക്ഷയെ ഘോഷിച്ചവൻ' എന്ന പേരിൽ അറിയപ്പെടുന്ന പ്രവാചകൻ.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6–10)** 5

6. ഒന്നാം കുരിശുയുദ്ധം ആരംഭിച്ച വർഷം.
   (A.D. 1270, A.D. 1095, A.D. 1188)
7. ആദ്യകാലത്ത് ക്രിസ്ത്യാനികളെ ഉപദ്രവിച്ചിരുന്ന അപ്പോസ്തലൻ ആണ്.
   (യോഹന്നാൻ, പത്രോസ്, പൗലോസ്)
8. വലിയ പ്രവാചകന്മാരിൽ ഉൾപ്പെടാത്ത ആൾ.
   (യശയ്യാവ്, ആമോസ്, യിരമ്യാവ്)
9. അഹമ്മദബാദ് ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ അധിപൻ.
   (ഗീവർഗീസ് മാർ യൂലിയോസ്, അൽവാറീസ് മാർ യൂലിയോസ്,
   ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്)
10. പൗലോസ് അപ്പോസ്തലന്റെ മൂന്നാം മിഷനറിയാത്രയിൽ ഏറ്റവും കൂടുതൽ കാലം പ്രവർത്തിച്ച സ്ഥലം.
    (ത്രോവാസ്, കൈസര്യ, എഫേസൂസ്)

**താഴെ പറയുന്നവ ആര്, ആരോട് പറഞ്ഞു എന്ന് എഴുതുക (11–15)** 5

11. "നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ. ഞാൻ നിങ്കൽ പ്രത്യാശ വെച്ചിരിക്കുന്നുവല്ലോ."
12. "നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക. നീ ചെയ്യേണ്ടുന്നത് അവിടെവെച്ച് നിന്നോടു പറയും."
13. "നീതിയിൽ വിതപ്പിൻ, ദയക്കൊത്തവണ്ണം കൊയ്യുവിൻ."
14. "പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, പുതിയ സൃഷ്ടിയത്രെ കാര്യം."
15. "എന്റെ നാഥനെ അവർ എവിടെയൊ കൊണ്ടുപോയി."

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ തെറ്റോ, ശരിയോ എന്നെഴുതുക (16–20)** 5

16. ആബീലന്മാരുടെ തലവനായി അറിയപ്പെടുന്നത് മാർ ബാലായി ആണ്.
17. യിസ്രായേൽ ജനങ്ങൾ 140 വർഷം ബാബിലോൺ അടിമത്വത്തിൽ ജീവിക്കേണ്ടിവന്നു.
18. വില്യാർവട്ടം രാജാക്കന്മാർ അറിയപ്പെട്ടിരുന്നത് തോമ്മാരാജാക്കന്മാർ എന്ന പേരിലായിരുന്നു.
19. ദൈവീകരണപ്രക്രിയക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ് സ്വർഗ്ഗസ്ഥനായ പിതാവെ എന്നു തുടങ്ങുന്ന സന്ധ്യയിലെ ലുത്തിനിയായുടെ ഒടുവിലത്തെ അപേക്ഷ.
20. ഏഴു നേരത്തെ യാമപ്രാർത്ഥനകൾ ഭവനങ്ങളിൽ രണ്ടുനേരമായി നടത്തുവാൻ നമ്മുടെ സഭ അനുവാദം തന്നിട്ടുണ്ട്.

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21–25)** 5

21. ദാസഗീതങ്ങൾ - കൂനൻ കുരിശ്
22. മത്തത്തിയാസ് - എം.പി. പീറ്റർ
23. ബർന്നബാസ് - യെശയ്യ
24. മട്ടാഞ്ചേരി - സൈപ്രസ്
25. ഫാ. ഗോംസ് - മക്കാബിയർ

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (26–30)** 5

26. യവനസംസ്കാരത്തിലെ രണ്ട് പ്രധാന ദാർശനികർ (Philosophers).
27. ശീലാസിന്റെ റോമൻ നാമം.
28. ക്യംതാ നമസ്കാരം എന്നുമുതലാണ് ചൊല്ലിത്തുടങ്ങുന്നത്?
29. നിഖ്യസുന്നഹദോസ് വിളിച്ചുകൂട്ടിയത് ആരായിരുന്നു?
30. "ഫിലിയൊക്കെ" സിദ്ധാന്തത്തിൽ പരിശുദ്ധാത്മാവ് പുറപ്പെടുന്നത് എവിടെനിന്നാണെന്നാണ് പറയുന്നത്.

**ഒരു വാചകത്തിൽ ഉത്തരം എഴുതുക (31–35)** 10

31. തെരുവോരങ്ങളിൽ അനാഥ കുഞ്ഞുങ്ങൾ അന്തിയുറങ്ങാൻ ഇടവരരുത് എന്ന് എം.വി. ജോർജ്ജച്ചൻ തീരുമാനിക്കുവാൻ കാരണമെന്ത്?
32. കൗമാരത്തിൽനിന്ന് യൗവനത്തിലേക്കു കടക്കുമ്പോൾ നല്ല വളർച്ചയുടെ ലക്ഷണമെന്താണ്?
33. സെന്റ് അഗസ്റ്റിൻ, തെറ്റുവരുത്തുന്ന മനുഷ്യരോടു പറഞ്ഞ പ്രശസ്തമായ ഒരു പ്രസ്താവന എന്ത്?
34. ലുത്തിനിയ തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും ഏതു രീതിയിലാണ്?
35. സെന്റ് പോൾസ് മിഷൻ സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുവാൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്കു കഴിഞ്ഞതെങ്ങനെ?

**താഴെക്കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** 4

"ചേവകർ മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും അടുക്കൽ മടങ്ങിവന്നപ്പോൾ അവർ അവരോട്: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്ത് എന്നു ചോദിച്ചതിന്ന്: ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല എന്ന് ചേവകർ ഉത്തരം പറഞ്ഞു. പരീശന്മാർ അവരോട്: നിങ്ങളും തെറ്റിപ്പോയൊ പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടൊ? ന്യായപ്രമാണം അറിയാത്ത പുരുഷാരമൊ ശപിക്കപ്പെട്ടവരാകുന്നു എന്ന് ഉത്തരം പറഞ്ഞു."

36. നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്ത് എന്നു ചോദിച്ചത് ആരായിരുന്നു?
37. ഈ ചോദ്യം ആരോടാണ് അവർ ചോദിച്ചത്?
38. ആരെ കൊണ്ടുവരാഞ്ഞതുകൊണ്ടാണ് ഈ ചോദ്യം അവർ ചോദിച്ചത്?
39. ന്യായപ്രമാണം അറിയാത്ത പുരുഷാരത്തെ എങ്ങനെ ഉള്ളവരായിട്ടാണ് ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്നത്?

**പ്രാർത്ഥന എഴുതുക** 3

40. 'സകല തിന്മകളിൽനിന്നും പാപങ്ങളിൽനിന്നും അശുദ്ധ വിചാരങ്ങളിൽനിന്നും ............................
പിശാചുക്കളുടെ പരീക്ഷകളിൽനിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽനിന്നും.'

**ഗീതം എഴുതുക** 3

41. 'അത്ഭുതമാം ഫലമേകും വൃക്ഷം
.................................................................
കന്യാക്ഷേപകരെ മൂന്നും
പരിഹാസത്തൊടു വീക്ഷിപ്പൂ.'

✧ ✧ ✧ ✧ ✧

## ഉത്തരസൂചിക

Class IX

Marks 50

| | | പാഠം | പേജ് |
|---|---|---|---|
| 1. | നഹൂം | 2 | 22 |
| 2. | വി. യാക്കോബ് | 10 | 58 |
| 3. | അലക്സാണ്ട്രിയ | 20 | 105 |
| 4. | രണ്ടാം ഖണ്ഡിക | 23 | 122 |
| 5. | യെശയ്യാവ് | 1 | 14 |
| 6. | A.D. 1095 | 17 | 90 |
| 7. | പൗലോസ് | 6 | 39 |
| 8. | ആമോസ് | 2 | 20 |
| 9. | ഗീവർഗീസ് മാർ യൂലിയോസ് | 25 | 132 |
| 10. | എഫേസൂസ് | 9 | 55 |
| 11. | ദാവീദ് രാജാവ് ദൈവത്തോട്/യഹോവയോട് | 29 | 157 |
| 12. | ഉയിർത്തെഴുന്നേറ്റ യേശു ശൗലിനോട് | 6 | 40 |
| 13. | ഹോശേയ പ്രവാചകൻ യിസ്രായേൽ ജനത്തിനോട് | 28 | 152 |
| 14. | വി. പൗലോസ് ഗലാത്യരോട് | 10 | 57 |
| 15. | മഗ്ദലനമറിയം കർത്താവിനോട് | 15 | 84 |
| 16. | തെറ്റ് | 21 | 113 |
| 17. | തെറ്റ് | 3 | 25 |
| 18. | ശരി | 18 | 95 |
| 19. | തെറ്റ് | 11 | 63 |
| 20. | ശരി | 13 | 73 |
| 21. | യെശയ്യ | 1 | 15 |
| 22. | മക്കാബിയർ | 5 | 36 |
| 23. | സൈപ്രസ് | 7 | 44 |
| 24. | കൂനൻ കുരിശ് | 19 | 100 |
| 25. | എം.പി. പീറ്റർ | 26 | 139 |
| 26. | പ്ലേറ്റൊ, അരിസ്റ്റോട്ടിൽ | 4 | 31 |
| 27. | സിൽവാനോസ് | 8 | 48 |
| 28. | ഉയിർപ്പ് പെരുന്നാൾ മുതൽ | 14 | 76 |
| 29. | കുസ്തന്തീനോസ് ചക്രവർത്തി | 22 | 118 |
| 30. | പിതാവിൽനിന്നും പുത്രനിൽനിന്നും | 24 | 128 |
| 31. | ഒരു അനാഥക്കുഞ്ഞിന്റെ മൃതശരീരം കാക്ക കൊത്തിപ്പറിക്കുന്നത് കണ്ടപ്പോൾ | 27 | 147 |
| 32. | സാഹചര്യങ്ങളോട് പ്രതികരിക്കുവാൻ തുടങ്ങുമ്പോൾ അതിരുകൾ വീടാതെ പക്വതയോടെ പെരുമാറുവാൻ കഴിയുന്നത് | 30 | 164 |
| 33. | തെറ്റു വരുത്തുക മനുഷ്യസഹജമാണ്. എന്നാൽ അതിൽ അടിയുറച്ചു നിൽക്കുന്നത് പൈശാചികമാണ് | 16 | 88 |
| 34. | ലുത്തിനിയ ത്രിത്വനാമത്തിൽ ആരംഭിക്കുകയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു | 12 | 68 |
| 35. | അമേരിക്കയിൽ പഠിക്കുന്ന സമയത്ത് അവിടത്തെ ദേവാലയങ്ങളിൽ പ്രാസംഗികനായി പോകുമ്പോൾ അവിടെനിന്നുലഭിച്ചിരുന്ന പാരിതോഷികംകൊണ്ട് | 27 | 146 |

36. മഹാപുരോഹിതന്മാരും പരീശന്മാരും (വി. യോഹന്നാൻ 7:45-50)
37. ചേവകരോട്
38. യേശുക്രിസ്തുവിനെ
39. ശപിക്കപ്പെട്ടവർ ആയിട്ട്
40. പാഠം 11, പേജ് 62
41. പാഠം 14, പേജ് 78

✧ ✧ ✧ ✧ ✧